(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ശാസ്ത്ര - സാങ്കേതികശാസ്ത്ര - സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ട്സ് വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം ചെലവഴിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ-അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) 2012-13-ൽ മൂന്നാറിലെ പാർവ്വതി മലയാറിൽ ഒരു ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കുമെന്നും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുമെന്നും പ്രഖ്യാപിച്ചു. 2013-14-ൽ കരമന റിവർ മാനേജ്മെന്റ് പ്രോജക്ട് - (5 കോടി രൂപ), സയൻസ് സിറ്റി - (1 കോടി രൂപ), ശ്രീനിവാസ രാമാനുജ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ് സെന്റർ - (10 കോടി രൂപ), സ്റ്റേറ്റ് ടെക്നോളജി ട്രാൻസ്ഫർ ഇൻസ്റ്റിറ്റ്യൂട്ട് - (5 കോടി രൂപ) എന്നിവ പ്രഖ്യാപിച്ചു. 2014-15-ൽ കേന്ദ്രസംസ്ഥാന ടെക്നോളജി പാർട്ട്ണർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. യുവ ശാസ്ത്രജ്ഞന്മാർക്കായുള്ള അവാർഡ്, ശാസ്ത്ര സാങ്കേതിക മാനേജ്മെന്റ് പരിശീലനം തുടങ്ങിയ വിവിധ പദ്ധതികൾക്കായി 22.51 കോടി രൂപ വകയിരുത്തിയിട്ടുള്ളതായി പ്രഖ്യാപിച്ചു. ഈ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു.

(ബി) വകയിരുത്തപ്പെട്ട പദ്ധതി തുകയും അതിന്റെ ചെലവും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*. ട്രഷറി അക്കൗണ്ടിൽ ബാക്കി തുക നീക്കിയിരിപ്പില്ല.

(സി) റീ-അപ്രോപ്രിയേഷൻ വഴി തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

ബഡ്ജറ്റ് പദ്ധതികൾ

189 (164) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാരിന്റെ കഴിഞ്ഞ അഞ്ച് ബഡ്ജറ്റ്കളിലായി പ്രഖ്യാപിച്ചിരുന്നതും ബഡ്ജറ്റിൽ വിഹിതം വകയിരുത്തിയിട്ടുള്ളതുമായ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതിരുന്നത്; പ്രസ്തുത പദ്ധതികളുടെയും ബഡ്ജറ്റ് വിഹിതത്തിന്റെയും ഓരോ വർഷത്തേയും വിശദാംശം വിശദമാക്കാമോ;

(ബി) ഇപ്രകാരം കഴിഞ്ഞ നാല് ബഡ്ജറ്റുകളിലായി പ്രഖ്യാപിച്ചിരുന്നതും നടപ്പിലാക്കിയിട്ടില്ലാതിരുന്നതുമായ പദ്ധതികൾക്കെല്ലാം ഈ ആണ്ടിൽ ആവശ്യമായപണം ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായോ ഇല്ലെങ്കിൽ ആ പദ്ധതികൾ ഏതൊക്കെയായിരുന്നു;

(സി) നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തതും ഭാഗികമായി മാത്രം നടപ്പിലാക്കിയതുമായ പ്രഖ്യാപിത പദ്ധതി സംബന്ധിച്ച് ഇപ്പോഴുള്ള സമീപനം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) മുൻ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചതും എന്നാൽ നടപ്പിലാക്കാൻ സാധിക്കാത്തതുമായ പദ്ധതികൾക്ക് ഭരണാനുമതി ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർ ബഡ്ജറ്റുകളിൽ ആവശ്യമായ തുക ഉചിത മാർഗ്ഗത്തിലൂടെ അനുവദിച്ചുനൽകാറുണ്ട്.

(സി) പ്രഖ്യാപിച്ച പദ്ധതികളെല്ലാംതന്നെ പൂർണ്ണമായും നടപ്പിലാക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം

190 (165) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിനാൻസ് കമ്മീഷന്റെ തീർപ്പു പ്രകാരം 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും നികുതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി, ഗ്രാന്റുകൾ, പദ്ധതി ധനസഹായം, ഡിസ്ക്രീഷനറി ഗ്രാന്റ് തുടങ്ങിയവ എത്ര കോടി രൂപ വീതമായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly